DESPATCHED
On..25/02/2020

19/02/2020


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561601, 2561615, Fax: 0471-2330920

Email:- sic.ker@nic.in


**ഹർജി നമ്പർ AP.No.950(5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.7514/SIC-G7/2019**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

Shri. Romy Jacob,
Record Keeper,
Foam Mattinga(India) Ltd,
P.B. No. 4619, Beach Road,
Alappuzha – 688 012. } Appellant

**The State Public Information Officer,**
**Foam Mattings (India) Ltd,**
**P.B No. 4619, Beach Road,**
**Alappuzha – 688 012.**

**The Appellate Authority &**
**Managing Director,**
**Foam Mattings (India) Ltd,**
**P.B No. 4619, Beach Road,**
**Alappuzha – 688 012.** } **Respondents**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 12.03.2019 |
| ഒന്നാം എതിർകക്ഷിയുടെ മറുപടി | 26.03.2019 |
| ഒന്നാം അപ്പീൽ | 26.03.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 05.04.2019 |
| രണ്ടാം അപ്പീൽ | 02.04.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 21.01.2020, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, ആലപ്പുഴ. |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, ഫോം മാറ്റിക്സ് (ഇൻഡ്യാ) ലിമിറ്റഡ്, ആലപ്പുഴ എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നിന്ന് പിരിഞ്ഞു പോയ ജീവനക്കാരുടേയും നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടേയും ജോലിയിൽ പ്രവേശിച്ച തീയതി, ലഭിച്ചിട്ടുള്ള ഹയർഗ്രേഡുകളും ആയതിന്റെ തീയതിയും അതിന്റെ ഭാഗമായി ലഭിച്ചിട്ടുള്ള ഇൻക്രിമെന്റ് ആനുകൂല്യങ്ങൾ, ഓരോരുത്തർക്കും ലഭിച്ചിട്ടുള്ള റെഗുലർ പ്രമോഷനുകൾ അതിന്റെ തീയതി, അതിന്റെ ഭാഗമായി ലഭിച്ചിട്ടുള്ള ഇൻക്രിമെന്റ് ആനുകൂല്യങ്ങളും പിരിഞ്ഞ സമയത്ത് ലഭിച്ച ഗ്രാറ്റിവിറ്റി –

ആനുകൂല്യങ്ങളുടെ മൊത്തം തുകയും വിശദമായ മറുപടിയും രേഖാപകർപ്പുകളുമാണ്.

2. കമ്പനിയിലെ പിരിഞ്ഞ് പോയ ജീവനക്കാരുടേയും നിലവിൽ ജോലിയിൽ തുടരുന്ന ജീവനക്കാരുടേയും വ്യക്തിപരമായ വിവരങ്ങളാണ് മേപ്പടി അപേക്ഷയിൽ ആവശ്യപ്പെട്ടതെന്നും ടി വിവരങ്ങൾ ക്രോഡീകരിച്ച് രേഖയായി സൂക്ഷിച്ചിട്ടില്ല എന്നും ടി രേഖകൾ ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിന് ജീവനക്കാരുടെ വളരെയേറെ ദിവസത്തെ പ്രവർത്തനങ്ങൾ ആവശ്യമായി വരുമെന്നും അതു കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നും ആയതിനാൽ വിവരാവകാശ നിയമം 8(1)(ജെ) പ്രകാരം വിവരങ്ങൾ നിരസിച്ചു കൊണ്ട് ഒന്നാം എതിർകക്ഷി മേപ്പടി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുകയുണ്ടായി.

3. ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ തീരുമാനത്തിലൂടെ അപ്പീൽഹർജിക്കാരനെ അറിയിച്ചത്, " താങ്കളുടെ ഹയർഗ്രേഡ്/റെഗുലർ പ്രമോഷൻ തുടങ്ങിയവ നൽകിയതിലെ അപാകതകൾ ചൂണ്ടികാട്ടി നൽകിയിരുന്ന കത്തിന് കമ്പനിയിൽ നിന്നും വ്യക്തമായ മറുപടി നൽകിയിട്ടുണ്ട്. ടി വിഷയത്തെ സംബന്ധിച്ച് വീണ്ടും പരാതികൾ ഉണ്ടെങ്കിൽ ആയത് കമ്പനിയുടെ ശ്രദ്ധയിൽപ്പെടുത്തി തീരുമാനമെടുക്കാവുന്നതാണ്." എന്നാണ്.

4. ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, മേപ്പടി വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തവും കൃത്യവും സത്യസന്ധവുമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്നും ടി ഓഫീസിൽ ജോലി ചെയ്യുന്നവരും പിരിഞ്ഞവരും ഉൾപ്പെടെയുള്ളവരുടെ സർവ്വീസ് വിവരങ്ങളാണ് ആവശ്യപ്പെട്ടതെന്നും അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

5. കമ്മീഷൻ മുമ്പാകെ ഹാജരായ പി.ഐ.ഒ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. മേൽ വിഷയവുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, ഫോം മാറ്റിക്സ് (ഇന്ത്യ)ലിമിറ്റഡിൽ നിന്ന് പിരിഞ്ഞുപോയ ജീവനക്കാരുടേയും നിലവിൽ ജോലി ചെയ്യുന്നവരുടെയും വ്യക്തിപരമായ വിവരങ്ങൾ നൽകുന്നതിനുള്ള അസൗകര്യം അറിയിച്ച് കൊണ്ട് ടിയാന് മറുപടി നൽകിയിരുന്നു എന്നും അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങളായതിനാലും സഹപ്രവർത്തകരുടെ വ്യക്തിപരമായവിവരമായതിനാലും ടിയാളുകളുടെ പേഴ്സണൽ ഫയലുകൾ പരിശോധിക്കുന്നത് അവരുടെ വ്യക്തിപരമായ കാര്യങ്ങളിലുള്ള ഇടപെടൽ ആയതിനാലും കമ്പനി അതിന്

സമ്മതിച്ചിട്ടില്ല എന്നും ഓരോ ജീവനക്കാരന്റെയും വ്യക്തിപരമായ കാര്യങ്ങൾ സുതാര്യ മായ രീതിയിലാണ് കമ്പനിയിൽ ചെയ്തു വരുന്നത് എന്നും ടിയാൻ ധാരാളം അപേക്ഷ കളും അപ്പീലുകളും നൽകുന്നുണ്ട് എന്നുംമറ്റുമാണ്.

6. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, നിലവിലുള്ളതും പരിഞ്ഞുപോയതുമായ ജീവനക്കാ രുടെ വ്യക്തിപരമായ വിവരങ്ങളല്ല എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ടിയാൻ ആവശ്യപ്പെട്ടത് 11 പേരുടെ സർവ്വീസ് വിവരങ്ങളാണ്. ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയതി, ഓരോരുത്തർക്കും ലഭിച്ചിട്ടുള്ള ഹയർഗ്രേഡും റെഗുലർ പ്രമോഷനുകളും കിട്ടിയപ്പോൾ ഉള്ള ആനുകൂല്യങ്ങൾ എന്നീ കാര്യങ്ങളാണ്. മറ്റ് ജീവനക്കാർക്ക് ലഭിച്ചിട്ടുള്ള ഇൻക്രിമെന്റ് ആനുകൂല്യങ്ങളും മറ്റും തന്റെ തുല്യതാ അവകാശങ്ങളെ ബാധിച്ചിട്ടുണ്ടോ എന്നറിയുന്നതിനാണ് അപ്പീൽ ഹർജിക്കാരൻ ഇത്തര ത്തിൽ ചോദ്യങ്ങൾ ഉന്നയിച്ചത്. ആയത് വ്യക്തിപരമായ വിവരങ്ങളാക്കി മറുപടി നൽകാതിരിക്കുകയാണ് ഒന്നും രണ്ടും എതിർകക്ഷികൾ ചെയ്തത്. ടി അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ അപ്പീൽഹർജിക്കാരന് നൽകാൻ ഒന്നാം എതിർകക്ഷിയ്ക്ക് ബാദ്ധ്യതയുണ്ട്. ഈ സാഹചര്യത്തിൽ അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ വ്യക്തമായി പരിശോധിച്ച് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ സൗജന്യമായി ടിയാന് നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി യഥാസമയം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

7. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2020 ഫെബ്രുവരി 19 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM